Malayala Manorama

19 August 2018

Kochi, Road, Electricity, Prime Minister's Proposal, Assistance to Farmers

റോഡ്, വൈദ്യുതി: സഹായിക്കാൻ പ്രധാനമന്ത്രിയുടെ നിർദേശം

തോട്ടക്കൃഷി നശിച്ച കർഷകർക്കു സഹായം

മനോരമ ലേഖകൻ

കൊച്ചി ● പ്രളയത്തിൽ തകർന്ന റോഡുകളിൽ പ്രധാന ദേശീയപാതകൾ ആദ്യം നന്നാക്കാൻ ദേശീയ ഹൈവേ അതോറിറ്റിക്കു പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നിർദേശം.

വൈദ്യുതി വിതരണം പുനഃസ്ഥാപിക്കാൻ ആവശ്യമായ സഹായം നൽകണമെന്ന് എൻടിപിസി, പിജിസിഐഎൽ തുടങ്ങിയ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളോടും നിർദേശിച്ചു.

തോട്ടക്കൃഷി നശിച്ച കർഷകർക്കു വീണ്ടും കൃഷി ആരംഭിക്കാൻ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പ്രകാരം സഹായം നൽകും. 2018–19ലെ തൊഴിൽ ബജറ്റിൽ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിപ്രകാരം അഞ്ചരക്കോടി മനുഷ്യദിനങ്ങൾ അനുവദിച്ചു. സംസ്ഥാന സർക്കാർ ആവശ്യപ്പെടുന്നപക്ഷം ഇതു വർധിപ്പിച്ചു നൽകും.

കൊച്ചിയിൽ കേരള പ്രളയത്തെക്കുറിച്ചു ചർച്ച ചെയ്യാൻ വിളിച്ചുചേർത്ത യോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി, ഗവർണർ പി. സദാശിവം, കേന്ദ്രമന്ത്രി അൽഫോൻസ് കണ്ണന്താനം തുടങ്ങിയവർ.

അവലോകന യോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ, കേന്ദ്രമന്ത്രി അൽഫോൻസ് കണ്ണന്താനം, റവന്യു മന്ത്രി ഇ.ചന്ദ്രശേഖരൻ, ചീഫ് സെക്രട്ടറി ടോം ജോസ്, റവന്യു അഡീഷനൽ ചീഫ് സെക്രട്ടറി പി.എച്ച്.കുര്യൻ തുടങ്ങിയവരും പങ്കെടുത്തു.

തിരുവനന്തപുരത്തുനിന്നു കൊച്ചിയിലെത്തിയ പ്രധാനമന്ത്രിയെ ചീഫ് സെക്രട്ടറി ടോം ജോസ്, അഡീഷനൽ ചീഫ് സെക്രട്ടറി പി.എച്ച്.കുര്യൻ, കലക്ടർ മുഹമ്മദ് വൈ.സഫീറുല്ല, ഐജി വിജയ് സാക്കറെ, സിറ്റി പൊലീസ് കമ്മിഷണർ എം.പി.ദിനേശ്, ബിജെപി സംസ്ഥാന പ്രസിഡന്റ് പി.എസ്.ശ്രീധരൻപിള്ള, ജനറൽ സെക്രട്ടറി രാധാകൃഷ്ണൻ, എം.ടി.രമേശ് എന്നിവർ ചേർന്നു സ്വീകരിച്ചു.

കേന്ദ്രസഹായം ഇതുവരെ

1300 അംഗങ്ങളും 435 ബോട്ടുകളും ഉൾപ്പെടുന്ന ദേശീയ ദുരന്തനിവാരണ സേനയുടെ 57 സംഘങ്ങൾ. ബിഎസ്എഫിന്റെയും സിഐഎസ്എഫിന്റെയും ആർഎഎഫിന്റെയും അഞ്ചു കമ്പനികളും രംഗത്തുണ്ട്.

കര, നാവിക, വ്യോമ സേനകളും തീരദേശ സംരക്ഷണ സേനയും എത്തി. 38 ഹെലികോപ്റ്ററുകൾ അനുവദിച്ചിട്ടുണ്ട്. 20 വിമാനങ്ങൾ വേറെയും. 790 പേർ ഉൾപ്പെടുന്ന 10 വിദഗ്ധ സംഘങ്ങളെയും 10 എൻജിനീയറിങ് ടാസ്ക് ഫോഴ്സിനെയും നിയോഗിച്ചിട്ടുണ്ട്. നാവികസേനയുടെ 82 സംഘങ്ങളുണ്ട്. തീരസംരക്ഷണ സേനയുടെ 42 സംഘങ്ങൾക്കൊപ്പം രണ്ടു ഹെലികോപ്റ്ററുകളും രണ്ടു കപ്പലുകളും. ഒൻപതു മുതൽ ദേശീയ ദുരന്തനിവാരണ സേനയും സൈന്യവും ചേർന്ന് 6714 പേരെ രക്ഷപ്പെടുത്തി. 891 പേർക്കു വൈദ്യസഹായം നൽകി.

ഉടൻ ആവശ്യം

അടിയന്തരമായി 20 ഹെലികോപ്റ്ററുകളും എൻജിനുള്ള 600 ബോട്ടുകളും അനുവദിക്കണമെന്നു മുഖ്യമന്ത്രി ആവശ്യപ്പെട്ടു. എൻഡിആർഎഫിന്റെ 40 സംഘങ്ങളെയും സൈന്യത്തിന്റെ നാലും നേവിയുടെ പത്തും സംഘങ്ങളെയും അധികമായി അനുവദിക്കണം.

സംസ്ഥാന സർക്കാർ സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ടെന്നും കേന്ദ്രസേനാ വിഭാഗങ്ങളുടെ കൂടുതൽ വിഭാഗങ്ങളുടെ സേവനം അത്യാവശ്യമാണെന്നും മുഖ്യമന്ത്രി പറഞ്ഞു. കേരളത്തിന്റെ ആവശ്യങ്ങളോട് അനുകൂലമായാണു പ്രധാനമന്ത്രി പ്രതികരിച്ചതെന്നും അദ്ദേഹം സൂചിപ്പിച്ചു.